# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1093 — 05/03/2020-ൽ മറുപടിയ്ക്ക്

## ശ്രദ്ധ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എം. സ്വരാജ്<br>ശ്രീ. കെ. ബാബു<br>ശ്രീ. ഒ. ആർ. കേളു | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പല കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ പദ്ധതിയിലേയ്ക്ക് കുട്ടികളുടെ തെരഞ്ഞെടുപ്പ് നടത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (ബി) വ്യത്യസ്ത കാരണങ്ങൾ കൊണ്ട് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ക്ലാസ്സ് ടീച്ചർമാർ കണ്ടെത്തുകയും അത്തരം കുട്ടികൾക്ക് പ്രീടെസ്റ്റ് നടത്തി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു. |
| (സി) ഇതിനായി അദ്ധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (സി) ഇല്ല. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ ഒരു അദ്ധ്യാപകന് ചുമതല നൽകുന്നു. |
| (ഡി) ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് കുട്ടികളുടെ സാമൂഹിക വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടുന്നതിനുള്ള പ്രത്യേക പരിശീലനം നൽകിവരുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) അദ്ധ്യാപക പരിശീലനങ്ങളിൽ ഈ വിഷയങ്ങൾ കൈകാര്യം ചെയ്യപ്പെടുന്നുണ്ട്. |

Reeny
സെക്ഷൻ ഓഫീസർ